**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഗാർഹിക-ഗാർഹികേതര കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ എത്ര ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റി 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ നൽകിയിട്ടുള്ള ഗാർഹിക -ഗാർഹികേതര കണക്ഷനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2016-17, 2017-18, 2018-19, 2019-20, 2020-21 കാലയളവിൽ നൽകിയ ഗാർഹിക-ഗാർഹികേതര കണക്ഷനുകളുടെ എണ്ണം താരതമ്യേന കുറഞ്ഞുവരുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്, |
| (സി) | ഉണ്ടെങ്കിൽ അതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (സി) | കേരളത്തിലുണ്ടായ പ്രളയം, കോവിഡ് (ഒന്ന് രണ്ട് തരംഗങ്ങൾ) മഹാമാരി എന്നിവ കാരണം പുതിയ വാണിജ്യ-കച്ചവട വ്യാവസായിക സ്ഥാപനങ്ങൾ ആരംഭിക്കാത്തത് മൂലം ഗാർഹികേതര കണക്ഷനുകൾ കുറയാൻ കാരണമായി. പുതിയ വീട്ടുകളുടെ നിർമ്മാണത്തിലുണ്ടായ കുറവ് കാരണം ഗാർഹിക കണക്ഷനുകളിലും കുറവ് വന്നിട്ടുണ്ട്. മാത്രവുമല്ല നിലവിലുള്ള വാണിജ്യ-കച്ചവട വ്യാവസായിക സ്ഥാപനങ്ങൾ പലതും തുറക്കാത്തത് കാരണം ഗാർഹികേതര കണക്ഷനുകളിലെ ഉപഭോഗം ഗണ്യമായി കുറയുകയും അതിനോടനുബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ വരുമാനത്തിലും ഗണ്യമായ കുറവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഗാർഹിക ഗാർഹികേതര കണക്ഷനുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് തന്നെ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| **വർഷം** | **ഗാർഹിക കണക്ഷൻ** | **ഗാർഹികേതര കണക്ഷൻ** |
|---|---|---|
| 2011–12 | 75,124 | 11,567 |
| 2012–13 | 86,527 | 4,039 |
| 2013–14 | 2,09,960 | 5,795 |
| 2014–15 | 36,954 | 3,066 |
| 2015–16 | 40,688 | 4,307 |
| ആകെ | 4,49,253 | 28,774 |